"ഭരണഭാഷ-മാതൃഭാഷ"

DWCD/6356/2024-E8

വനിതാ-ശിശു
വികസന വകുപ്പ്

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 24-01-2025
ഇമെയിൽ : wcdestablishment2017@gmail.com
ഫോൺ : 04712346534

**സർക്കുലർ**

വിഷയം: വനിതശിശുവികസന ഡയറക്ടറേറ്റ് –ജീവനക്കാര്യം- DPC (ഹയർ) 2025 കൂടുന്നതു - 2024 കലണ്ടർ വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈൻ വഴി സമർപ്പിക്കുന്നത് സംബന്ധിച്ച്:

സൂചന: 1) സ.ഉ(സാധാ) നം.3113/2021/പൊ.ഭ.വ തീയതി 18.18.21 .
2) 18/12/2023, 17.08.24 എന്നീ തീയതികളിലെ വ.ശി.വി.വ ഡയറക്ടറുടെ DWCD/618/2023-E8 നം.സർക്കുലർ.
3) 04.12.2024 തീയതിയിലെ വ.ശി.വി.വ ഡയറക്ടറുടെ DWCD/6356/2024-E8 നം.സർക്കുലർ .

വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ജീവനക്കാരുടെ സേവന വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ വഴി സമർപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ബാധ്യസ്ഥരായ വകുപ്പിലെ ജീവനക്കാർ 2021 വർഷം മുതൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈനായി സമർപ്പിച്ച് വരുന്നുണ്ട്. 2023 വർഷം വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈനായി ചെയ്യുന്നതിന് പരാമർശം 2, 3 പ്രകാരം നിർദ്ദേശിച്ചിരുന്നു.

വനിതശിശുവികസന വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ വനിത ശിശുവികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് 2025 കലണ്ടർ വർഷം പ്രതീക്ഷിക്കുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗകയറ്റം നല്കുന്നതിനായി DPC (ഹയർ) 2025 കൂടേണ്ടതുണ്ട്. ഇതിലേയ്ക്കായി കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരും 2024 ഡിസംബർ 31 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഈ പരിപത്ര തീയതി മുതൽ 15 ദിവസത്തിനകം പൂർത്തിയാക്കി സമർപ്പിക്കേണ്ടതാണ്.

എല്ലാ ജീവനക്കാരും സ്കോർ ഓൺലൈൻ പോർട്ടലിൽ (WWW.Score.Kerala.Gov.in) രജിസ്റ്റർ ചെയ്ത് കൊണ്ട് അതിൽ ലഭ്യമായ user manual ലെ നിർദ്ദേശ പ്രകാരം അതാത് വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതും ആയത് ബന്ധപ്പെട്ട റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് ഓഫീസർമാർ Approve ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച സംശയ നിവാരണത്തിനായി 1800-425-1857 എന്ന ടോൾ ഫ്രീ നമ്പരിലും info.score@kerala.gov.in എന്ന ഇ മെയിൽ

വിലാസത്തിലും ഡയറക്ടറേറ്റിലെ എസ്റ്റാബ്ളിഷ്മെന്റ് (ഇ8) വിഭാഗവുമായോ ബന്ധപ്പെട്ട് പരിഹരിക്കാവുന്നതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കാത്തത് ജീവനക്കാരുടെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയായി കണക്കാക്കി അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾസമർപ്പിക്കാത്ത ജീവനക്കാരെ ഒരു അറിയിപ്പും കൂടാതെ തന്നെ ഒഴിവാക്കിക്കൊണ്ട് DPC (ഹയർ) 2025 കൂടുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ANILKUMAR G
SENIOR ADMINISTRATIVE OFFICER
**വനിത ശിശുവികസന ഡയറക്ടർക്ക് വേണ്ടി**

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയ മേധാവി മുഖാന്തിരം)
2. സൂപ്രണ്ട്, ഐ ടി സെൽ ( വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി